II ഇ.ബി. XIV - കേരള നിയമസഭ/XIX-2

## പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2020 മാർച്ച് 03, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

4 (*31) ഊർജ്ജരംഗത്തെ കാര്യക്ഷമത

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) നൽകിയ മറുപടിയിൽ, വൈദ്യുതി ലഭ്യതയുടെയും മറ്റ് സേവനങ്ങളുടെയും കാര്യക്ഷമത വിലയിരുത്താൻ സോഷ്യൽ ഓഡിറ്റിംഗ് ആരംഭിച്ചിട്ടുണ്ടെന്നും പരീക്ഷണാടിസ്ഥാനത്തിൽ 12 ഇലക്ട്രിക്കൽ സെക്ഷനുകളിൽ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വൈദ്യുതി ഉത്പാദനവും വൈദ്യുതി ശൃംഖലകളുടെ ശേഷിയും കാര്യക്ഷമതയും വർദ്ധിപ്പിച്ചും ദീർഘ/ഹ്രസ്വകാല കരാറുകൾ വഴിയും വൈദ്യുതി ലഭ്യത ഉറപ്പുവരുത്തിയതിലൂടെ ലോഡ് ഷെഡ്ഡിംഗും പവർകട്ടും ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ഉൽപ്പാദനം 228.81 മെഗാവാട്ടായി വർദ്ധിച്ചിട്ടുണ്ടെന്നും 2021-ഓടെ 156 മെഗാവാട്ട് ജല വൈദ്യുത പദ്ധതികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും

മന്ത്രി അറിയിച്ചു. റിന്യൂവബിൾ ഊർജ്ജ വികസനത്തിന് അനെർട്ടും ചെറുകിട ജലവൈദ്യുതി വികസനത്തിന് എനർജി മാനേജ്മെന്റ് സെന്ററും മികച്ച ഇടപെടൽ നടത്തുന്നുണ്ട്. 'ദ്യുതി' പദ്ധതിയിലൂടെ വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും ഇടമൺ-കൊച്ചി 400 കെ.വി. പവർ ഹൈവേ കമ്മീഷൻ ചെയ്തതിലൂടെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഫീസ് രഹിത ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്നതിനും വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എത്തിക്കുന്നതിന് "ഊർജ്ജ സൗഹൃദ" പദ്ധതി നടപ്പാക്കുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ, വാട്സാപ്പ് എന്നിവ മുഖേന പരാതികൾ സ്വീകരിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിലെ വൈദ്യുതി വിതരണശൃംഖല സ്കാഡ നിയന്ത്രണത്തിൽ കൊണ്ടുവന്നിട്ടുണ്ടെന്നും എല്ലാ ജില്ലകളിലും ജനകീയ വൈദ്യുതി അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും 100 സ്ക്വയർമീറ്ററിൽ കുറവ് തറവിസ്തീർണ്ണമുള്ള വീടുകൾക്ക് നിബന്ധനകൾക്ക് വിധേയമായി വൈദ്യുതി കണക്ഷൻ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിന് 50 കോടി രൂപയുടെ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഇടുക്കിയിൽ 780 മെഗാവാട്ടിന്റെ രണ്ടാം പവർ ഹൗസ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും

വൈദ്യുതി പാഴാക്കാതെ ലഭ്യമാക്കുന്നതിനായി transgrid 2.0 project നടപ്പാക്കി വരുന്നുണ്ടെന്നും കായംകുളം NTPC നിലയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതാണെന്നും മന്ത്രി അറിയിച്ചു. വൈദ്യുതി കുടിശ്ശികകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും ലൈൻമാൻമാർക്കും മസ്ദൂർ വർക്കേഴ്സിനും സുരക്ഷാക്രമീകരണങ്ങളും ഇലക്ട്രിക് പോസ്റ്റുകളുടെ ക്വാളിറ്റി പരിശോധിക്കുന്നതിന് പ്രത്യേക സംവിധാനവും ഏർപ്പെടുത്തുന്നതാണെന്നും വേങ്ങര 110 കെ. വി. സബ്സ്റ്റേഷൻ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഫിലമെന്റ്രഹിത കേരളം പദ്ധതിയും സോളാർ പദ്ധതിയും പ്രാവർത്തികമാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. വൈദ്യുതി വകുപ്പിന്റെ സഹായമില്ലാതെ ഓരോ വീടുകളിലും സോളാർ പദ്ധതി യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

## 5 (*32 ) സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട ആദായ നികുതി നിർദ്ദേശങ്ങൾ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, കേന്ദ്ര സർക്കാരിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിൽ നിലവിൽ 30 ശതമാനം ആദായ നികുതി നൽകിവരുന്ന സഹകരണ സംഘങ്ങളെ കോർപ്പറേറ്റ്

കമ്പനികളുമായി തുല്യതപ്പെടുത്തിക്കൊണ്ട് ടാക്സ് നിരക്ക് 22 ശതമാനത്തിലേയ്ക്ക് കുറച്ചുകൊണ്ടുവരുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടെന്നും ഓപ്ഷണലായി 22 ശതമാനം ടാക്സ് നിരക്ക് സ്വീകരിക്കുന്ന സംഘങ്ങൾക്ക് മറ്റ് കിഴിവുകളോ ഇളവുകളോ ഇല്ലെന്നും പുതിയ നികുതി നിർദ്ദേശം ആശങ്കാജനകമാണെന്നും സഭയെ അറിയിച്ചു. 2006-ലെ ഫിനാൻസ് ആക്ടിലൂടെ ആദായ നികുതി നിയമത്തിലെ 80 (പി) വകുപ്പ് ഭേദഗതി ചെയ്ത് 01-04-2007 മുതൽ ഉപവകുപ്പ് 4 കൂടി ചേർത്ത് പ്രാബല്യത്തിൽ വരുത്തിയ പ്രകാരം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ സംഘങ്ങൾക്ക് ആദായ നികുതിയിൽ ഇളവ് നൽകേണ്ടതില്ലെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുതായി കൂട്ടിച്ചേർത്ത 194 (N) എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു വർഷം ഒരു കോടിയിലധികം രൂപ ബാങ്കുകളിൽ നിന്നും പിൻവലിക്കുന്നവരിൽനിന്നും 2 ശതമാനം ആദായ നികുതി ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും എന്നാൽ ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ സംഘങ്ങളെ ടി വകുപ്പിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ആദായ നികുതി നിയമത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ മതിയായ ഭേദഗതി വരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് നികുതി ഇളവ് ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിവേദനം സമർപ്പിച്ചെങ്കിലും അനുകൂല നടപടി ഉണ്ടായിട്ടില്ല. സംസ്ഥാന

നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയത്തിലൂടെ ഈ ആവശ്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടെന്നും സഹകരണ സംഘങ്ങളുടെ താല്പര്യം സംരക്ഷിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനുള്ള നടപടികൾ തുടരുമെന്നും മന്ത്രി വ്യക്തമാക്കി. ഓഡിറ്റ് മാന്വലിൽ പരിഷ്കാരങ്ങൾ വരുത്തി സഹകരണ സംഘങ്ങളിൽ ഓഡിറ്റ് ഏകീകൃതമാക്കുന്നതും പ്രാഥമിക സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുന്നതുമാണ്. വിദേശനിക്ഷേപം സ്വീകരിക്കുന്നതിനുള്ള കേരള ബാങ്കിന്റെ അപേക്ഷ റിസർവ് ബാങ്കിന്റെ പരിഗണനയിലാണെന്നും കേന്ദ്ര സർക്കാരിന്റെ നികുതി നിയമങ്ങളെക്കുറിച്ച് പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു സ്ഥിരം സമിതി രൂപീകരിക്കുമെന്നും കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ സംരക്ഷിക്കുന്നതിന് ബഹുജന ക്യാമ്പയിൻ സംഘടിപ്പിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

6 (*33) <u>സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ വളർച്ച</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, പ്രകൃതിക്ഷോഭവും പ്രവാസികളുടെ മടങ്ങിവരവും സംസ്ഥാനത്തെ സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചുവെങ്കിലും സാമ്പത്തികവളർച്ചാ നിരക്ക് വർദ്ധിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേന്ദ്ര

സർക്കാരിന്റെ വാർഷിക വ്യാവസായിക സർവ്വേ അനുസരിച്ച് ഇന്ത്യയുടെ ഫാക്ടറി മേഖലയിൽ കേരളത്തിന്റെ പങ്ക് 2014-15-ൽ 1.2 ശതമാനമായിരുന്നത് 2016-17-ൽ 1.6 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. 2019 ഡിസംബർ 15-നുള്ളിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്കെല്ലാം സെപ്റ്റംബർ മാസം വരെയുള്ള പെൻഷനുകൾ വിതരണം ചെയ്തിട്ടുണ്ടെന്നും അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കായി കിഫ്ബി വഴി നാളിതുവരെ 54,391.47 കോടി രൂപയുടെ 679 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ഓൺലൈൻ ബിൽ ട്രാക്കിങ് സംവിധാനത്തിലൂടെ കിഫ്ബിയിൽ സുതാര്യത ഉറപ്പുവരുത്തിയിട്ടുള്ളതുൾപ്പെടെ പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിക്കുന്ന വിവരങ്ങൾ പൊതുസമൂഹത്തിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പ്രവാസികളുടെ നിക്ഷേപം സുരക്ഷിതമാക്കുന്നതിനോടൊപ്പം അത് കേരളത്തിന്റെ നിക്ഷേപമാക്കി മാറ്റുന്നതിന് പ്രവാസി ഡിവിഡന്റ് പദ്ധതി, പ്രവാസി ചിട്ടി മുതലായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ഇൻകെൽ മാതൃകയിൽ പൊതുകമ്പനികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 328 മുതൽ 653 വരെയുള്ള ചോദ്യങ്ങളിൽ 40 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)